9/2/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **CP 694(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.14466/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഫെബ്രുവരി 9

ശ്രീ. ജോയികുട്ടി,
കാഞ്ഞിരവിള പുത്തൻ വീട്,
ഇടവെട്ടി പി.ഒ.,
തൊടുപുഴ. 685 588.
} പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്), പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി.
2. അപ്പീൽ അധികാരി & പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 29.9.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 8.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 3.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.12.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 8.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജോയികുട്ടി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച 30.8.2021–ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 7.9.2021–ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വ്യക്തതയില്ലാത്തതും ടി ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങളല്ലാത്തതിനാലും ടി അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയില്ലെന്നാണ്. തുടർന്ന് ടിയാൻ 13.9.2021–ന് നൽകിയ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ പ്രഥമ വിവരാവകാശ അപേക്ഷയിൽ നിന്നും വ്യത്യസ്തമായ കാര്യങ്ങളാണ് ഉന്നയിച്ചിരുന്നത് എന്നതിനാൽ ടി അപ്പീൽ 29.9.2021–ലെ കത്ത് പ്രകാരം തള്ളിയതായി അറിയിച്ചിട്ടുള്ളതായും കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, പരാതി ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ 31.8.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷ വ്യക്തമായി എഴുതിത്തരുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൻ അതു നിരസിച്ചു എന്നും ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ പല കാര്യങ്ങളിലും വ്യക്തയില്ലാത്തതിനാലും ടി ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങൾ അല്ലാത്തതിനാലും അപേക്ഷ നിരസിച്ചതായിട്ട് ടി ഓഫീസിൽ നിന്നും 7.9.2021 തീയതിയിൽ ടിയാനെ അറിയിച്ചിരുന്നതാണെന്നും തുടർന്ന് ടിയാൻ 13.9.2021 തീയതിയിൽ അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീലിൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങളും അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങളും വ്യത്യസ്തമായതിനാൽ 29.9.2021–ലെ റ്റി.എ2–6488/21 നമ്പർ കത്ത് പ്രകാരം അപ്പീൽ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയില്ലെന്നുള്ള വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നും ഹർജിക്കാരന്റെ ഭാഗത്തു നിന്നും പല തവണ ഓഫീസിന് ഉചിതമല്ലാത്ത പ്രവർത്തനങ്ങൾ ഉണ്ടാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ തൊടുപുഴ പോലീസിൽ പരാതി നൽകിയിട്ടുള്ളതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ എതിർകക്ഷി കാര്യാലയത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും എന്താണ് ഹർജിക്കാരന്റെ ആവശ്യം എന്നത് വ്യക്തമല്ലാത്തതിനാലാണ് വ്യക്തമായ മറുപടി നൽകാൻ എതിർകക്ഷികൾക്ക് കഴിയാത്തത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ഹർജിക്കാരൻ കമ്മീഷനിൽ ലഭ്യമാക്കിയ വിവിധ തീയതികളിലെ പരാതികളിലും സർക്കാർ സ്ഥാപനങ്ങളെ കുറിച്ച് മോശമായ രീതിയിലുള്ള ആരോപണങ്ങൾ ഉന്നയിക്കുകയല്ലാതെ വിവരാവകാശ നിയമ പ്രകാരം നൽകുവാൻ പറ്റുന്ന, ഹർജിക്കാരന് ആവശ്യമായ ഏത് വിവരമാണ് നൽകേണ്ടത് എന്ന കാര്യത്തിൽ വ്യക്തതയില്ല. ടിയാൾ 30.8.2021–ന് നൽകിയ അപേക്ഷ പരിശോധിച്ചതിൽ സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ തുടങ്ങിയ

ഗണത്തിൽപെടുന്ന ചില ചോദ്യങ്ങളാണ് ഉന്നയിച്ചത് എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. എന്നാൽ അത്തരത്തിൽ എതിർകക്ഷി കാര്യാലയത്തിലുള്ള യാതൊരു വിവരവും ഹർജിക്കാരൻ 30.8.2021, 7.10.2021 എന്നീ തീയതികളിൽ നൽകിയ വിവരാവകാശ അപേക്ഷകളിൽ ആവശ്യപ്പെട്ടിട്ടില്ല എന്നതിനാൽ ഹർജിക്കാരൻ ഉന്നയിക്കുന്ന പ്രകാരം എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയുള്ളതായി പറയുവാൻ കഴിയില്ല. എന്നാൽ വിവരാവകാശ നിയമം 6(1)(ബി) പ്രകാരം അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം അപേക്ഷകന്റെ ആവശ്യങ്ങൾ എന്താണെന്ന് ചോദിച്ച് മനസിലാക്കി എഴുതി നൽകാൻ എസ്.പി.ഐ.ഒ ബാധ്യസ്ഥനാണ് എന്നതിനാൽ ഹർജിക്കാരൻ അപേക്ഷ/അപ്പീൽ നൽകിയ അവസരത്തിൽ ടി അപേക്ഷയിൽ/അപ്പീൽ ഹർജിയിൽ എന്താണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത് എന്ന് വ്യക്തമല്ലെങ്കിൽ ഹർജിക്കാരനെ നേരിൽ കേൾക്കാൻ ഒരു അവസരം നൽകി വേണമായിരുന്നു അപ്പീൽ തീർപ്പാക്കേണ്ടിയിരുന്നത്. ആയതിനാൽ ഒന്നാം അപ്പീൽ അധികാരിയായ പ്രിൻസിപ്പൽ കൃഷി ഓഫീസർ 20.2.2022നകം ഹർജിക്കാരനെ നേരിൽ കേൾക്കാൻ അവസരം നൽകി ടിയാന്റെ അപേക്ഷയിലെ/അപ്പീൽ അപേക്ഷയിലെ ഏതെങ്കിലും വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം ടിയാന് ലഭ്യമാക്കാൻ കഴിയുന്നതാണോ എന്ന് ഒരിക്കൽ കൂടി പരിശോധിച്ച് ഹർജി തീർപ്പാക്കി ഹർജിക്കാരന് മറുപടി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk